LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ഫെബ്രുവരി 4, ബുധൻ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2004 ഫെബ്രുവരി മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 271, 279, 284.

സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ

*1 [271] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലാ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ വിവിധ യൂണിവേഴ്സിറ്റികളിൽനിന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന നിയമബിരുദധാരികൾ പ്രതിവർഷം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നിയമബിരുദധാരികളായി പുറത്തിറങ്ങുന്നവർക്ക് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും സ്വയംതൊഴിൽവഴിയും തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് സ്വാശ്രയമേഖലയിൽ നിയമ കോഴ്സുകൾ നേരിട്ടും സ്റ്റഡി സെന്ററുകൾവഴിയും നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ നാലകത്ത് സൂപ്പി): സർ,

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലകളുടെ അംഗീകാരത്തിന് വിധേയമായും സർവ്വകലാശാലകൾ നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം എന്ന ഉപാധിയോടെയും അൺ എയ്ഡഡ് മേഖലയിൽ പുതിയ ലാ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കോളേജ് തുടങ്ങുന്നതിനാവശ്യമായ സ്ഥലത്തേയും കെട്ടിടങ്ങളേയും സംബന്ധിച്ചും ലൈബ്രറി, സ്റ്റാഫ് പാറ്റേൺ, കോഴ്സുകൾ എന്നിവ സംബന്ധിച്ചുമാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. 17-1-2004-ൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ജി.ഒ.(എം.എസ്.) 5/2004/ഉ.വി.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരള സർവ്വകലാശാലയിൽനിന്ന് 610 പേരും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് 230 പേരും കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്ന് 60 പേരും കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് 380 പേരും കണ്ണൂർ സർവ്വകലാശാലയിൽ നിന്ന് 60 പേരും പ്രതിവർഷം പുറത്തിറങ്ങുന്നുണ്ട്. മൊത്തം 1340 പേർ.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കേരള, കോഴിക്കോട് എന്നീ സർവ്വകലാശാലകൾ സ്വാശ്രയ മേഖലയിൽ നിയമ കോഴ്സുകൾ യൂണിവേഴ്സിറ്റി നേരിട്ടോ സ്റ്റഡി സെന്ററുകൾ വഴിയോ നടത്തുന്നില്ല. എന്നാൽ കണ്ണൂർ സർവ്വകലാശാലയിൽ ത്രിവൽസര എൽഎൽ. ബി. കോഴ്സും ദ്വിവൽസര എൽ. എൽ. എം. കോഴ്സും നടത്തുന്ന ഒരു ലീഗൽ സ്റ്റഡീസ് സെന്ററും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിൽ നിയമ ബിരുദ പഠനത്തിന് കോസ്റ്റ് ഷെയറിംഗ് വ്യവസ്ഥയിൽ എൽഎൽ. ബി. കോഴ്സും നടത്തുന്നുണ്ട്. കൂടാതെ കൊച്ചിൻ സർവ്വകലാശാലയുടെ കീഴിൽ "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്" എന്ന സ്ഥാപനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് വകുപ്പിൽ നിയമ കോഴ്സുകൾ നടത്തിവരുന്നുണ്ട്. കേരള സർവ്വകലാശാലയുടെ കീഴിൽ കേരള ലാ അക്കാഡമി ലാ കോളേജ് ഉണ്ടെങ്കിലും സർക്കാരുമായി 'ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ്' ഒപ്പുവച്ചിട്ടില്ലാത്തതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly